**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2158** **12-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ സർവീസിൽ സംവരണ വിഭാഗങ്ങളുടെ കണക്കെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ സർവീസിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും ജോലിചെയ്യുന്ന മുന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥരുടെയും പിന്നോക്ക വിഭാഗങ്ങളിലെ ഓരോ സംവരണ വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെയും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള വിവരശേഖരണം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ e-CDESK എന്ന വെബ് പോർട്ടൽ മുഖേന 01.12.2022 വരെയുള്ള വിവരശേഖരണം നടത്തിയിട്ടുണ്ട്. |
| (ബി) | ഇ.ഡബ്ല്യൂ.എസ്. വിഭാഗങ്ങൾക്കുള്ള സംവരണം പത്ത് ശതമാനം തന്നെയാവണമെന്നല്ല പത്ത് ശതമാനം വരെ ആവാം എന്നാണ് ഭരണഘടനാ ഭേദഗതി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് പ്രസ്തുത സംവരണം പത്ത് ശതമാനമായി നിശ്ചയിക്കാൻ കാരണമെന്താണെന്നും അതിന് ആശ്രയിച്ച സ്ഥിതി വിവര കണക്കുകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് EWS സംവരണം നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ റിട്ട. ജസ്റ്റിസ് ശ്രീ കെ ശശിധരൻ നായർ അധ്യക്ഷനായ കമ്മീഷനെ സർക്കാർ നിയോഗിച്ചിരുന്നു. എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണർ, കേരള പബ്ലിക് സർവീസ് കമ്മീഷൻ, നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ്, ഭക്ഷ്യ പൊതു വിതരണ വകുപ്പ് തുടങ്ങിയ ഇടങ്ങളിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെയും, സംസ്ഥാന സാമ്പത്തിക സർവേയിലെ പ്രസക്ത വിവരങ്ങൾ, പിന്നാക്ക ജനവിഭാഗങ്ങൾക്കായി നിയമിച്ച വിവിധ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ, Indra Sawhney & Others v. Union of India , Ashoka Kumar Thakur v. Union of India തുടങ്ങിയ സംവരണ സംബന്ധിയായ വിവിധ കേസുകളിലെ ബഹു.സുപ്രീം കോടതിയുടെയും ബഹു. കേരള ഹൈ കോടതിയുടെയും വിധിന്യായങ്ങൾ, ഭരണഘടനയുടെ 15,16 എന്നീ ആർട്ടിക്കിളുമായി ബന്ധപ്പെട്ട് നിയമ വിദഗ്ധർ, വിവിധ സംഘടനകൾ എന്നിവരുമായി നടത്തിയ സംവാദങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ രൂപപ്പെട്ട ആശയങ്ങൾ , മറ്റ് ഭരണഘടനാ വിദഗ്ധരുടെ അഭിപ്രായങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ട് ടി കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് 10% EWS സംവരണം നടപ്പിലാക്കിയിട്ടുള്ളത് |
| (സി) | മുന്നോക്ക വിഭാത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് സർക്കാർ സർവീസിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിച്ചിട്ടും മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സർക്കാർ സർവീസിൽ സംവരണം നൽകുന്നത് കൂടുതൽ അസമത്വത്തിന് കാരണമാകും എന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാനത്ത് EWS സംവരണം നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ റിട്ട. ജസ്റ്റിസ് ശ്രീ കെ ശശിധരൻ നായർ അധ്യക്ഷനായ കമ്മീഷനെ സർക്കാർ നിയോഗിച്ചിരുന്നു. എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണർ, കേരള പബ്ലിക് സർവീസ് കമ്മീഷൻ, നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ്, ഭക്ഷ്യ പൊതു വിതരണ വകുപ്പ് തുടങ്ങിയ ഇടങ്ങളിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെയും, സംസ്ഥാന സാമ്പത്തിക സർവേയിലെ പ്രസക്ത വിവരങ്ങൾ, പിന്നാക്ക ജനവിഭാഗങ്ങൾക്കായി നിയമിച്ച വിവിധ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ, Indra Sawhney & Others v. Union of India , Ashoka Kumar Thakur v. Union of India തുടങ്ങിയ സംവരണ സംബന്ധിയായ വിവിധ കേസുകളിലെ ബഹു.സുപ്രീം കോടതിയുടെയും ബഹു. കേരള ഹൈ കോടതിയുടെയും വിധിന്യായങ്ങൾ, ഭരണഘടനയുടെ 15,16 എന്നീ ആർട്ടിക്കിളുമായി ബന്ധപ്പെട്ട് നിയമ വിദഗ്ധർ, വിവിധ സംഘടനകൾ എന്നിവരുമായി നടത്തിയ സംവാദങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ രൂപപ്പെട്ട ആശയങ്ങൾ , മറ്റ് ഭരണഘടനാ വിദഗ്ധരുടെ അഭിപ്രായങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ട് ടി കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് 10% EWS സംവരണം നടപ്പിലാക്കിയിട്ടുള്ളത് |
| (ഡി) | സർക്കാർ സർവീസിൽ പിന്നോക്ക ജനവിഭാഗങ്ങളുടെ പ്രാതിനിധ്യം കുറവാണ് എന്ന് കണ്ടെത്തിയ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ നടപ്പാക്കുന്നതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ഡി) | ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രധാനമായും പാലൊളി മുഹമ്മദ് കുട്ടി കമ്മിറ്റി റിപ്പോർട്ട് , നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് എന്നീ റിപ്പോർട്ടുകളാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട പാലൊളി കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗത്തിൽപെടുന്ന യുവജനങ്ങളെ സർക്കാർ നിയമനങ്ങളിലേയ്ക്ക് പ്രാപ്തരാക്കുന്നതിന് വേണ്ടി സൗജന്യ കോച്ചിംഗ് സെന്ററുകൾ എല്ലാ ജില്ലകളിലും രൂപീകരിക്കുകയും വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകി വരുകയും ചെയ്യുന്നുണ്ട്. പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ കണ്ടെത്തലുകളെ തുടർന്ന് അർഹരായ പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണ നഷ്ടം ഉണ്ടാകാതിരിക്കുന്നതിന് കെ എസ് ആന്റ് |

| | | | |
|---|---|---|---|
| | | | എസ് എസ് ആർ ഭാഗം II ചട്ടം 14,15 എന്നിവയിൽ ഉചിതമായ ഭേദഗതി വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ